14-ാം കേരള നിയമ സഭ

7-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1919** **14.08.2017-ൽ മറുപടിയ്ക്ക്**

## സർക്കാർ മെഡിക്കൽകോളേജുകളിൽ ആവശ്യത്തിന് അധ്യാപകരില്ലാത്ത അവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. എം. ഉമ്മർ<br>ഡോ. എം. കെ. മുനീർ : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽകോളേജുകളിൽ ആവശ്യത്തിന് അധ്യാപകരില്ലാത്ത അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) നിലവിലുള്ള മെഡിക്കൽ കോളേജിലെ പ്രവേശന തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി യ്ക്കും സ്ഥാനക്കയറ്റം വഴി നികത്തേണ്ട തസ്തികകൾ ഡി.പി.സി.യ്ക്കും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ മെഡിക്കൽ കോളേജുകളിൽ എറണാകുളത്ത് 166 ഉം മഞ്ചേരി മെഡിക്കൽ കോളേജിൽ 221 ഉം കൊല്ലം മെഡിക്കൽ കോളേജിൽ 121 ഉം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) മഞ്ചേരി മെഡിക്കൽ കോളേജിലെ എല്ലാ വകുപ്പുകളിലും ആവശ്യത്തിന് അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; | (സി) & (ഡി) ഉണ്ട്. |
| (ഡി) ഇല്ലെങ്കിൽ അധ്യാപകരെ ഉടൻ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ